ഗസറ്റ് തീയതി : **07 /02 /2024**

അവസാന തീയതി : **07/03/2024**

## <u>കാറ്റഗറി നമ്പർ:</u> 001/2024

## <u>എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷ</u>

**കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് ലിമിറ്റഡ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി താഴ്ന്ന തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് തസ്തിക മാറ്റം വഴി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II / സൂപ്പർവൈസർ ആയി നിയമനം നടത്തുന്നതിനു വേണ്ടിയുള്ള എലിജിബിലിറ്റി (അർഹതാ നിർണ്ണയ) പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.**

**1)** **<u>യോഗ്യതകൾ</u>**

**1)** എസ്.എസ്.എൽ.സി. അല്ലെങ്കിൽ തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം.

**2)** കേരള ലൈവ് സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് ലിമിറ്റഡിൽ താഴ്ന്ന തസ്തികയിൽ 5 വർഷം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.

കുറിപ്പ്:- 1) വികലാംഗർ ഈ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

2) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരുടെ നിയമനം. താൽക്കാലിക മായിരിക്കും. A.H. Department / K.A.U. / K.L.D.B. എന്നിവ നടത്തുന്ന 6 മാസത്തിൽ കുറയാതെയുള്ള സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ് / ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ട്രെയിനിംഗ് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതനുസരിച്ച് താൽക്കാലിക നിയമനം റഗുലറൈസ് ചെയ്യുന്നതും പരിശീലന കാലയളവ് റെഗുലർ സർവ്വീസായി പരിഗണിക്കുന്നതുമായിരിക്കും. ആദ്യശ്രമത്തിൽ കോഴ്സ് വിജയകരമായി പൂർത്തിയാക്കാൻ കഴിയാത്തവർക്ക് മൂന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ ശ്രമത്തിലും കോഴ്സ് വിജയകരമായി പൂർത്തിയാക്കുവാൻ സാധിക്കാത്ത ഉദ്യോഗാർത്ഥികളുടെ സേവനം താൽകാലിക നിയമനം ലഭിച്ച തസ്തികയിൽ അവസാനിപ്പിക്കുകയും സർവ്വീസിൽ നിന്നും പിരിച്ച് വിടുകയും ചെയ്യുന്നതായിരിക്കും. പരിശീലന കാലയളവിൽ നേടുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് പുന:നിർണ്ണയിക്കുന്നതല്ല.

**2)** **<u>പ്രായപരിധി</u>:–** ബാധകമല്ല.

**3).** **<u>പരീക്ഷ:–</u>** ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ. മൂല്യനിർണ്ണയം/ഓൺലൈൻ) ഒരു മണിക്കൂർ 15 മിനിറ്റ് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.

